പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 976 — 06.06.2018 ൽ മറുപടിയ്ക്ക്

## കിഴക്കഞ്ചേരിയിൽ വൈദ്യുതി ലഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ഡി. പ്രസേനൻ | | ശ്രീ .കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ചൂരുപാറ-മണ്ണെണ്ണക്കയം - പ്രദേശത്തെ ഭവനങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനായി വനം വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ട് നൽകിയ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ചൂരുപാറ-മണ്ണെണ്ണക്കയം പ്രദേശത്തെ വൈദ്യുതീകരണത്തിനായി 25.02.2017 ൽ ലഭിച്ച FP/KL/VELEC/24341/2017 ഓൺ ലൈൻ അപേക്ഷ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനായി 23.03.2017 ൽ യൂസർ ഏജൻസിക്ക്/കെ എസ് ഇ. ബി. ക്ക് നൽകുകയും യൂസർ ഏജൻസി അവ പരിഹരിച്ച് തിരികെ 12.12.2017 ന് സമർപ്പിക്കുകയുമുണ്ടായി. ഹാർഡ് കോപ്പി സമർപ്പിക്കുന്നതിന് 11.01.2018 ന് നൽകിയ ഓൺലൈൻ നിർദ്ദേശ പ്രകാരം യൂസർ ഏജൻസി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഡിസ്ട്രിക്റ്റ് കളക്ടർ എന്നിവർക്ക് ഹാർഡ് കോപ്പി നൽകി കൈപ്പറ്റ് രസീത് 15.02.2018 ന് അപ് ലോഡ് ചെയ്തിട്ടുണ്ട്. പ്രൊപ്പോസലിന്മേൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവരുടെ നിർദ്ദിഷ്ട തല പരിശോധനകൾ നടന്നു വരുന്നു. |
| (ബി) | പ്രദേശവാസികൾക്ക് ഉടൻ വൈദ്യുതി ലഭിക്കുന്നതിന് വനം വകുപ്പിന്റെ എൻ. ഒ.സി, വൈദ്യുതി വകുപ്പിന് എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | വൈദ്യുതി വകുപ്പിന് വന (സംരക്ഷണ) നിയമ പ്രകാരം അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ